**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2362** | **21-06-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ പൊതുവഴി ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ കാളികാവ് ബ്ലോക്കിന്റെ കൈവശത്തിൽ ഗ്രാമ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ കരുവാരക്കുണ്ട് വില്ലേജിലുള്ള ബ്ലോക്ക് നം. 153 ൽ 233/1 സർവ്വേ നമ്പറിലുള്ള 5 മീറ്റർ വീതിയിൽ 36 മീറ്റർ നീളത്തിൽ 30 വർഷത്തിൽ കൂടുതലായി 30 ൽ കൂടുതൽ കുടുംബം പൊതു വഴിയായി ഉപയോഗിക്കുന്ന റോഡ് കരുവാരക്കുണ്ട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇവയിൽ ഓരോ അപേക്ഷയിലും ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | (എ) ടി വിഷയത്തിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഇതുവരെ താഴെ പറയുന്ന 3 പേരുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.<br><br>1. ശ്രീമതി. സ്മിത അനിൽകമാർ, മെമ്പർ, വാർഡ് 20, കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത്<br><br>2. ശ്രീമതി വി.പി. ജസീറ, മലപ്പുറം ജില്ലാ പഞ്ചായത്ത് മെമ്പർ<br><br>3. ബഹു.വണ്ടൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.എ.പി. അനിൽകുമാർ<br><br>കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വി.ഇ.ഒ ഓഫീസ് നിലനിന്നിരുന്ന വസ്തുവിൽ കൂടി വഴിയ്ക്കായി സ്ഥലം ഏറ്റെടുക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. വർഷങ്ങളായി പൊതുവഴിയായി ജനങ്ങൾ ഉപയോഗിക്കുന്ന ഈ വഴി, ടി വസ്തു കയ്യേറി നിർമ്മിച്ചിട്ടുള്ളതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 01/10/2022 തീയതിയിലെ സി-4459/2016(2) നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിഷയം ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനയിലായതിനാൽ ആയത് കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടുന്ന മുറക്ക് ആസ്തിയിൽ ഉൾപ്പെടുത്താൻ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 07/11/ 2022 ലെ 9(1) നമ്പർ ആയി മേൽ അപേക്ഷകളുടേയും അടിസ്ഥാനത്തിൽ തീരുമാനി ച്ചിട്ടുണ്ട്. |
| (ബി) | പുന്നക്കാട് ടൗൺ വി.ഇ.ഒ പടി പാടം റോഡിന്റെ തുടക്കം 36 മീറ്റർ നീളം പ്രസ്തുത വഴി ആയതിനാലും 30 കുടുംബങ്ങൾ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, സർക്കാർ | (ബി) | (ബി) ടി റോഡിനെ സംസ്ഥാന പാതയുമായി ബന്ധിപ്പിക്കുന്ന, ഗ്രാമ വികസന വകപ്പിന്റ ഉടമസ്ഥതയിലുള്ളതും കാളികാവ് |

| | | | |
|---|---|---|---|
| | ആയുർവേദ ഡിസ്പെൻസറി, പുതുതായി ആരംഭിക്കുന്ന സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നിവിടങ്ങളിലേക്കുള്ള ഏക മാർഗം പ്രസ്തുത പൊതുവഴി ആയതിനാലും ഇവ നിലനിർത്തി പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുമോ; വിശദമാക്കാമോ? | | ബ്ലോക്ക്പഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ ഭാഗം ഒഴിവാക്കിക്കൊണ്ട് കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 3 മീറ്റർ വീതിയും 250 മീറ്റർ നീളവുമുള്ള പുന്നക്കാട് - പാടം പാത്ത്‌വേ യുടെ (ഐഡി നമ്പർ 190610050000000502) വികസന പ്രവൃത്തികൾ ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽപ്പെട്ട ഭാഗം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഗ്രാമ പഞ്ചായത്തിന് കൈമാറി നിർദ്ദേശം ലഭിക്കുന്ന മുറക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായും ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ